സർണ്ണക്കടകളിലെ ടാക്സ് വെട്ടിപ്പ്

1990 [3062] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം സെയിൽസ് ടാക്സ് രജിസ്ട്രേഷനുള്ള എത്ര സർണ്ണക്കടകളുണ്ട്;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) ഒരു കടയിൽനിന്ന് ശരാശരി ഒരു ദിവസം കിട്ടുന്ന ടാക്സ് എത്രയാണ്;

(ഡി) ഒരു കടയിൽനിന്ന് ഒരു വർഷം ശരാശരി കിട്ടുന്ന ടാക്സ് എത്രയാണ്;

(ഇ) 1984-85, 1985-86 എന്നീ ഓരോ വർഷങ്ങളിൽ സർണ്ണക്കടകളിൽ നിന്ന് കിട്ടിയ ടാക്സ് മൊത്തം എത്ര സംഖ്യയാണ്;

(എഫ്) 1985-86, 1986-87 വർഷങ്ങളിലായി ടാക്സ് വെട്ടിപ്പ് കണ്ടുപിടിക്കുന്നതിന് എത്ര പരിശോധന നടന്നിട്ടുണ്ട്;

(ജി) ഇതിൽ എത്ര സംഖ്യയുടെ വെട്ടിപ്പ് കണ്ടുപിടിക്കാൻ കഴിഞ്ഞു;

(എച്ച്) സർണ്ണക്കടകളിൽ ടാക്സ് വെട്ടിപ്പ് പരിപൂർണ്ണമായും തടയാൻ എന്തെല്ലാം നടപടികൾ എടുക്കാൻ ഉദ്ദേശിക്കുന്നു?

ഉത്തരം

('എ' മുതൽ 'ജി' വരെ) വിവരം ശേഖരിച്ചു വരുന്നു.

(എച്ച്) ഇപ്പോഴത്തെ നിലവിലുള്ള ഇൻറലിജൻസ് സംവിധാനം ഉപയോഗിച്ച് കടകൾ പരിശോധിക്കാറുണ്ട്. ഇക്കൂട്ടത്തിൽ സർണ്ണക്കടകളും പരിശോധിക്കുന്നുണ്ട്.

ഏലം കച്ചവടക്കാരുടെ നികുതി വെട്ടിപ്പ്

1991 [3063] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സെയിൽസ് ടാക്സ് രജിസ്ട്രേഷനുള്ള എത്ര ഏലം കച്ചവടക്കാർ ഉണ്ട്;

(ബി) ഇവരിൽ നിന്ന് 1984-85, 1985-86, 1986-87 വർഷങ്ങളിലായി ഓരോ വർഷവും കിട്ടിയ ടാക്സ് എത്രയാണ്;

(സി) ഈ വർഷം ഇനിയും എത്ര സംഖ്യ കിട്ടുമെന്നാണ് പ്രതീക്ഷ;

(ഡി) ഇടുക്കി ജില്ലയിൽ നിന്ന് ഏലം തമിഴ്നാട്ടിലേയ്ക്ക് കടത്തി ബോംബെ വഴി വിദേശങ്ങളിലേയ്ക്ക് കൊണ്ടു പോകുന്ന വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇങ്ങനെ ഏല കച്ചവടക്കാർ നടത്തുന്ന നികുതി വെട്ടിപ്പു തടയാൻ ഗവൺമെൻറ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി, സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) 1986 ഒക്ടോബർമാസത്തോടെ ആരംഭിച്ച ഈ വർഷത്തെ ഏലം സീസണിൽ നാല് ഏലം സ്പെഷ്യൽ സ്ക്വാഡുകളും രൂപീകരിച്ചിട്ടുണ്ട്. പോലീസ് വകുപ്പുമായി സഹകരിച്ച് ഈ സ്ക്വാഡുകളും ശരിയായവിധം പ്രവർത്തിക്കുന്നുണ്ട്. കഴിഞ്ഞ വർഷത്തിൽ ആരംഭിച്ച ഒരു താൽക്കാലിക ചെക്കുപോസ്റ്റിനു (റോസപ്പൂകണ്ടം) പുറമെയാണിത്. കൂടാതെ നിലവിലുള്ള സ്ഥിരം ചെക്കുപോസ്റ്റുകളിൽ ഏലം കടന്നു പോകാതിരിക്കാൻവേണ്ട നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. ഇടുക്കി ജില്ലയിലെ ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർമാർ വാഹനങ്ങളും ഓവർ ചെക്ക് ചെയ്യണമെന്നും കർശനമായ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

കേരളാ സ്റ്റേറ്റ് ഫൈനാൻഷ്യൽ എന്റർപ്രൈസസ് ജീവനക്കാരുടെ സമരം

1992 [3064] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ഫൈനാൻഷ്യൽ എന്റർപ്രൈസസ് ജീവനക്കാർ എന്തെല്ലാം ആവശ്യങ്ങളുന്നയിച്ചുകൊണ്ടാണ് സമരം നടത്തുന്നത്;

(ബി) സമരം ഒത്തുതീർപ്പിലെത്തിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ സമരം ഒത്തുതീർപ്പിലെത്തിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജീവനക്കാർ സമരം നടത്തുന്നില്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

II. സബ്മിഷൻ

സ്പീക്കറെ കുറിച്ചുള്ള പരാമർശം

ശ്രീ. ഇ. കെ. നായനാർ: സർ, ഒരു സബ്മിഷൻ. അതായത് ബഹുമാനപ്പെട്ട സ്പീക്കറെക്കുറിച്ച് ബഹുമാനപ്പെട്ട കാർത്തികേയൻ ഈ സഭയിൽവച്ച് മര്യാദവിട്ട് സംസാരിച്ചത് അപലപനീയമാണെന്ന് സ്പീക്കർ ഇന്നലെ ഈ സഭയിൽ പ്രസ്താവിച്ചു. തുടർന്ന് ആ കാര്യത്തിൽ കൂടുതൽ വിശദീകരണം നടത്തുവാൻ മെമ്പർ കാർത്തികേയൻ നടത്തിയ ശ്രമം അനുവദിക്കാത്തതിൽ രോഷാകുലനായ മുഖ്യമന്ത്രി പിന്നീട് നടത്തിയ ഒരു പത്രസമ്മേളനത്തിൽ അമർഷം പ്രകടിപ്പിച്ചതായി (സ്പീക്കറുടെ ഈ നടപടിയിൽ അമർഷം പ്രകടിപ്പിച്ചതായി) റേഡിയോയിലും ഇന്നലെ ഉച്ചയ്ക്കുതന്നെ വാർത്തയുണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly